TB Movie Club Weekly Review **#MovieClub**

Court – State vs. A Nobody

OTT :Netflix

എഴുതിയത്: **Lakshmi GS**

റാം ജഗദീഷിന്റെ ആദ്യ സംവിധാന സംരംഭമായ Court – State vs. A Nobody കോർട്ട് റൂം ഡ്രാമ വിഭാഗത്തിൽ പെടുത്താവുന്ന ഒരു ചിത്രമാണ്..

2013 ഇൽ നടക്കുന്ന കഥയായിട്ടാണ് ഇത് ചിത്രീകരിച്ചിരിക്കുന്നത്.. 2012 ഇൽ നിലവിൽ വന്നാൽ പോക്സോ നിയമത്തിന്റെ പഴുതുകളും അതിനെ എങ്ങനെ ദുരുപയോഗം ചെയ്യപ്പെടാം എന്നൊക്കെ പരാമർശിക്കുന്ന ഒരു ചിത്രമാണ് ഇത്..

എഴുപത്തിയേട്ട് ദിവസമായി ജാമ്യം പോലും കിട്ടാത്ത പ്രതി.. നാല് ദിവസത്തിനകം വിധി വരുന്ന കേസ്.. അതിനു വേണ്ടി പ്രതിയുടെ കൂട്ടുകാർ ഒരു പേരുകേട്ട വക്കീലിനെ കാണാൻ പോകുന്നതും.. വക്കീൽ അറിയാതെ ആ വക്കീലിന്റെ അസിസ്റ്റന്റ് കേസ് ഏറ്റെടുക്കുന്നതുമാണ് കഥ.

നാട്ടിലെ പ്രമാണി കുടുംബത്തിൽ പെട്ട പെൺകുട്ടി പാവപ്പെട്ട വീട്ടിലെ പയ്യനുമായി പ്രണയത്തിലായാൽ പ്രമാണി കുടുംബം അഭിമാനസംരക്ഷണത്തിനായി ഏതറ്റം വരെയും പോകുന്ന സംഭവങ്ങൾ വാർത്തയിലും മറ്റും നമ്മൾ കാണുന്നതാണല്ലോ..സാമ്പത്തികപരമായി പിന്നോക്കം നിക്കുന്നതോ കീഴ്ജാതി എന്ന് മുദ്ര കുത്തപ്പെടുന്ന മനുഷ്യരോടുള്ള വെറുപ്പുമൊക്കെ ജയ് ഭീം പോലെയുള്ള പല ചിത്രങ്ങളും ഇപ്പോ പറഞ്ഞുപോകുന്നുണ്ട്.. നിയമത്തിലെ പഴുതുകൾ ഉപയോഗിച്ച് തെളിവുകളെയും സാക്ഷികളെയുമൊക്കെ പണത്തിന്റെയും സ്വാധീനത്തിന്റെയും ബലത്തിൽ കോടതിയിൽ ഹാജരാക്കി നിരപരാധികളെ കുടുക്കുന്നതിന്റെ രീതികളൊക്കെ ഈ സിനിമയിൽ കാണിക്കുന്നുണ്ട്..

പ്രിയദർശി പുലിക്കൊണ്ട, ഹർഷ് റോഷൻ,ശ്രീദേവി, ശിവജി,രോഹിണി,ഹർഷവർദ്ധൻ തുടങ്ങിയവരാണ് പ്രധാന താരങ്ങൾ..

അപ്രതീക്ഷിതമായ ട്വിസ്റ്റ് ഒന്നുമില്ലെങ്കിലും മടുപ്പില്ലാതെ ലാഗ് ഇല്ലാതെ കണ്ടിരിക്കാവുന്ന ഒരു ചിത്രം തന്നെയാണ് ഇത്..